1. ഒരമ്മ പൊറ്റതൊക്കെ കറുത്ത പട്ടാളം. - കട്ടുറുമ്പ്
2. അപ്പത്തിനുകൂടും അടിക്കുകൂടില്ല : ചുണ്ടുകൾ
3. മണ്ണിൽ മുളയ്ക്കാതെ മരത്തിൽ പടർന്നു. - ചിതൽ
4. വട്ടി എടുത്താൽ കാള ഓടും. - വഞ്ചി
5. ആയിരം ആളുകൾ ചെത്തിപ്പണിത ചിത്രകൂടക്കല്ല്. - തേനീച്ചക്കൂട്
6. കട കട കുടു കുടു നടുവിലൊരു പാതാളം. - ആട്ടുകല്ല്
7. അക്കരെ വെടി പൊട്ടുമ്പോൾ, ഇക്കരെ കുട വിരിയുന്നു. - ഇടിവെട്ടി കൂൺ മുളയ്ക്കുക
8. ആനയ്ക്കും പാപ്പാനും നിലയ്ക്കാത്ത വെള്ളത്തിൽ കാവശ്ശേരിക്കുട്ടികൾക്കു കഴുത്തററം വെള്ളം - ആമ്പൽപ്പൂവ്
9. എന്റച്ഛന്റെ കുളത്തിലെ വെള്ളം കോരീട്ടും കോരീട്ടും തീരണില്ല. - സമുദ്രം
10. ജനനം ജലത്തിൽ, സഞ്ചാരം വായുവിൽ. - കൊതുക്
11. എല്ലാം കാണും എല്ലാം കേൾക്കും. മറുപടിക്ക് പറ്റില്ല. - കണ്ണും കാതും
12. തുമ്പിക്കൈയില്ലാത്ത ആന. - കുഴിയാന
13. ഒരെരുത്തിൽ നിറച്ചു വെള്ളക്കാള. - പല്ലുകൾ
14. കറുത്തിരുണ്ടവൻ, കണ്ണു രണ്ടുള്ളവൻ, കടിച്ചാൽ രണ്ടു മുറി. - പാക്കുവെട്ടി
15. ഒറ്റക്കാലൻ ചന്തയ്ക്ക് പോയി. - കുട
16. എന്റച്ഛൻ ഒരു കാളയെ വാങ്ങി, കെട്ടാൻ ചെന്നപ്പോൾ കൊമ്പ് ഇല്ല - ഒച്ച്
17. കുപ്പായമൂരി കിണറ്റിലിട്ടു. - പഴം തിന്നു തോൽ കളയുക
18. ആൾ്ക്കാർക്കൊക്കെ വിളമ്പിനിരത്തും, അല്പംപോലും തിന്നില്ല - തവി
19. ആകാശത്ത് അമ്പും വില്ലും - മുരിങ്ങക്കായ്
20. ചെപ്പുനിറച്ചും പച്ചയിറച്ചി. - കപ്പ
21. തേൻകുടത്തിലൊറ്റക്കണ്ണൻ. - ചക്കക്കുരു
22. തിന്നില്ല കുടിയ്ക്കില്ല, തല്ലാതെ മിണ്ടില്ല. - ചെണ്ട
23. മുറ്റത്തെ ചെപ്പിനടപ്പില്ല. - കിണർ
24. കിടാങ്ങളെ കൊല്ലുമമ്മ. - തീപ്പെട്ടി
25. ആരോടും മല്ലടിക്കും, വെള്ളത്തോട് മാത്രമില്ല. - അഗ്നി

26. അകത്തറുത്താൽ പുറത്തറിയും - ചക്കപ്പഴം • ചക്കപ്പഴം മുറിക്കകെത്തുവച്ച് മുറിച്ചാൽപോലും പുറത്തേക്ക് ഗന്ധം വ്യാപിക്കും.
27. ഒരമ്മ എന്നും വെന്തും നീറിയും - അടുപ്പ്
28. തടയാം, നീക്കാം, ബന്ധിക്കാനൊക്കില്ല. - പുക
29. മേലേവീട്ടിലെ മുത്തശ്ശ്യമ്മേടെ പൊട്ടിച്ചിരിയും പേടിപ്പിക്കും. - മിന്നലും ഇടിയും
30. ചത്ത കാള മടലെടുക്കുമ്പോൾ ഓടും. - വള്ളം
31. കറുത്തവൻ കുളിച്ചപ്പോൾ വെളുത്തവനായി. - ഉഴുന്ന്
32. തൊട്ടാൽ ചൊറിയൻ തിന്നാൻ രസികൻ. - ചേന
33. തുടച്ചാലും തുടച്ചാലും ചേറുപോകാത്ത കണ്ണാടി. - ചന്ദ്രൻ
34. അകത്തു തിരിതെറുത്തു പുറത്തു മുട്ടയിട്ടു - കുരുമുളക്
35. ചില്ലിക്കൊമ്പത്തെ മഞ്ഞപക്ഷി - കപ്പൽമാങ്ങാ
36. പകലെല്ലാം പച്ചക്കായ, രാവായാൽ പഴുത്തകായ. - ഇലക്ട്രിക് ബൾബ്
37. എല്ലുണ്ട് വാലുണ്ട് വെള്ളം തടയാൻ കഴിവുണ്ട്. - കുട
38. കയറും കൊണ്ട് ചെന്നപ്പോൾ കഴത്തില്ല കെട്ടാൻ. - ആമ
39. കണ്ടാൽ സുന്ദരൻ, തൊട്ടാൽ ഭയങ്കരൻ. - തീക്കട്ട
40. വാലില്ലാക്കോഴി നെല്ലിനു പോയി. - വെള്ളിച്ചക്രം
41. പൊക്കിളിൽ തൊട്ടാൽ ഇളിച്ചു കാട്ടും - ടോർച്ച്
42. അടി മദ്ദളം, ഇല ചുക്കിരി, കായ് കൊക്കര. - പുളിമരം
43. ആയിരം തിരിതെരച്ച് അതിനുള്ളിലിരിക്കുന്ന ഉണ്ണികൃഷ്ണന്റെ പേര് പറയാമോ? - ഉണ്ണിത്തണ്ട്
44. വേലിപ്പൊത്തിലിരിക്കും രത്നം. - മിന്നാമിനുങ്ങ്
45. അകത്തുരോമം പുറത്തിറച്ചി - മൂക്ക്
46. ഈച്ച തൊടാത്തൊരിറച്ചിക്കഷണം, പൂച്ച തൊടാത്തൊരിറച്ചിക്കഷണം, തൊട്ടാൽ നക്കുമിറച്ചിക്കഷണം. - തീക്കനൽ
47. ആയിരം കിളിക്ക് ഒരു കൊക്ക്. - വാഴക്കൂമ്പ്
48. ആയിരം കുഞ്ഞുങ്ങൾക്കൊരരഞ്ഞാൺ. - ചൂല്
49. അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില. - പപ്പടം

50. ആന കേറാ മല ആടു കേറാ മല ആയിരം കാന്താരി പൂത്തിറങ്ങി - നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം
51. ഞാനോടിയാൽ കൂടെയോടും, ഞാൻ നിന്നാലൊപ്പം നിൽക്കും. - നിഴൽ
52. പലകക്കീഴെ പച്ചയിറച്ചി. - നഖം
53. വെടി പൊട്ടുമ്പോൾ, ഇക്കരെ കുട വിരിയുന്നു. - ഇടിവെട്ടി കൂൺ മുളയ്ക്കുക
54. എന്റച്ഛൻ ഒരു കാളയെ വാങ്ങി, കെട്ടാൻ ചെന്നപ്പോൾ തലയില്ല. - ആമ
55. ആനയ്ക്ക് നിൽക്കാൻ നിഴലുണ്ട്, ജീരകം പൊതിയാൻ ഇലയില്ല. - പുളിമരം
56. അപ്പം പോലെ ഒരു ഉണ്ട, അല്പം മാത്രം തല. - ആമ
57. ആകാശത്തൊരു കൂട്ടിനുള്ളിൽ മുപ്പത്തിരണ്ടു വെള്ളാന - പല്ല്
58. അമ്മയ്ക്ക് വാലില്ല, മകൾക്ക് വാലുണ്ട്. - തവള
59. അകത്തിരുന്നു പുറത്തേക്കു നാവു നീട്ടി - ഓവ്
60. കറുത്ത പാറയ്ക്ക് വെളുത്തവേര്. - ആനക്കൊമ്പ്
61. കിലുകിലുക്കം കിക്കിലുക്കം ഉത്തരത്തിൽ ചത്തിരിക്കും.- താക്കോൽകൂട്ടം.
62. ഒറ്റക്കണ്ണൻ കുതിച്ചു പാഞ്ഞു. - തീവണ്ടി
63. കാട്ടിലെ മരം നാട്ടിലെ കണക്കപ്പിള്ള. - നാഴി
64. അകത്ത് പോയപ്പോൾ പച്ച, പുറത്ത് വന്നപ്പോൾ ചുവപ്പ്. - വെറ്റില മുറുക്ക്
65. അരയ്ക്ക് കെട്ടുള്ളവൻ നിലമടിച്ചു. - ചൂല്
66. ഒരു മണി നെല്ലോണ്ടറ നിറഞ്ഞു. - വിളക്കിന്റെ പ്രകാശം
67. തല വട്ടിയിൽ, തടി തൊട്ടിയിൽ. - നെല്ല്
68. ചെറുചോപ്പൻ ചെക്കന് കരിവീട്ടി തല - തീക്കട്ട
69. കറുത്ത കണ്ടത്തിൽ വെളുത്ത കൊക്ക്. - ആകാശത്തിൽ നക്ഷത്രം
70. നാവൂരി പാലുകൊണ്ട് നാടാകെ കല്യാണം. - ട്യൂബ്‌ലൈറ്റ്, നിലാവ്
71. വരുമ്പോൾ കറുത്തിട്ട്, പോകുമ്പോൾ വെളുത്തിട്ട്. - തലമുടി
72. ആകാശത്തിലെത്തുന്ന തോട്ടി. - കണ്ണ്
73. ചെടിയാൽ കായ, കായയിൽ ചെടി. - കൈതച്ചക്ക

74. ആവശ്യക്കാരൻ വാങ്ങുന്നില്ല, വാങ്ങുന്നവൻ ഉപയോഗിക്കുന്നില്ല, ഉപയോഗിക്കുന്നവൻ അറിയുന്നില്ല. - ശവപ്പെട്ടി
75. അമ്പലത്തിലുള്ള ചെമ്പകത്തിനു കൊമ്പില്ല. - കൊടിമരം
76. അകത്ത് തിരിതെറുത്തു, പുറത്ത് മുട്ടയിട്ടു. - കുരുമുളക്
77. നാലുകാലുണ്ട്, നടുവുണ്ട്, നായക്കു തിന്നാൻ ഇറച്ചിയില്ല. - കസേര
78. മണ്ണ് വെട്ടി വെട്ടി പൊന്ത കണ്ടു. പൊന്ത വെട്ടി വെട്ടി പാറ കണ്ടു. പാറ വെട്ടി വെട്ടി വെള്ളി കണ്ടു. വെള്ളി വെട്ടി വെട്ടി വെള്ളം കണ്ടു. - തേങ്ങ
79. ആകാശത്തൊരു പഞ്ഞിക്കെട്ട് - മേഘം
80. മൂന്നു ചിറകുള്ള വവ്വാൽ. - സീലിംഗ് ഫാൻ
81. അടിക്കൊരു വെട്ട്, നടുക്കൊരു വെട്ട്, തലക്കൊരു ചവിട്ട്. - മെതിക്കൽ
82. പൊന്ന് തിന്ന് വെള്ളി തുപ്പി. - അയനിച്ചക്കയുടെ കുരു
83. അങ്ങുകിടക്കണ മന്തൻകാളയ്ക്കെത്തറ നീണ്ട മുടിക്കയറ്. - മത്തൻ
84. ഒരു മുറം മലരിലൊരു തേങ്ങാക്കൊത്ത്. - ചന്ദ്രക്കല
85. പാൽമൊന്തയിൽ കരിമീൻ. - കണ്ണ്
86. അഞ്ച് പക്ഷികൾ കൂടി ഒരു മുട്ടയിട്ടു. - കൈയിൽ ചോറുരുള
87. അടിച്ചുവാരിയ മുറ്റത്ത് വാരിയെറിഞ്ഞ മണൽത്തരികൾ. - നക്ഷത്രങ്ങൾ
88. ഇത്തിരി മുറ്റത്തഞ്ചാളുകൾ. - കൈവിരലുകൾ
89. അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകനില്ലാതാവും. - തീപ്പെട്ടിയും കൊള്ളിയും
90. പുക തുപ്പുന്ന പാമ്പ്. - തീവണ്ടി
91. ഒരമ്മയ്ക്ക് രണ്ട് മക്കൾ, ഓരോന്നിനും രണ്ട് നിറം. - കണ്ണ്
92. രണ്ടു കിണറിന് ഒരു പാലം. - മൂക്ക്
93. പാടുന്നുണ്ട് പറക്കുന്നുണ്ട്, കണ്ണിൽക്കാണാനൊക്കില്ല. - കാറ്റ്
94. മുള്ളിനുള്ളിലെ സുന്ദരിക്കുട്ടി. - റോസാപുഷ്പം
95. ഒരു തൊഴുത്തിൽ രണ്ടുവരി വെള്ളക്കുതിര. - പല്ലുകൾ
96. അടി പാറ, നടു വടി, മീതെ കുട.- ചേന
97. കുത്തിയാൽ മുളയ്ക്കില്ല, വേലിയിൽ പടരും. - ചിതൽ
98. വെട്ടും തോറും വളരും ഞാൻ. - തലമുടി
99. എല്ലാവർക്കും ആവശ്യമാണ്, ആരും പിടിക്കാൻ ശ്രമിക്കുന്നില്ല. - സൂര്യൻ

100. അച്ഛൻ തന്ന കാളയ്ക്കു കൊമ്പ്. - കിണ്ടി

101. ഒറ്റത്തടി മരമാണേ, വേരില്ലാ മരമാണേ, തുഞ്ചത്തു കാണുന്നതെന്തിലയോ, പൂവോ? - കൊടിമരം

102. വീട്ടിലും നിർത്തില്ല നാട്ടിലും നിർത്തില്ല - പേപ്പട്ടി

103. വീട്ടിലെ കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ. - അടുപ്പ്

104. ഒട്ടും വിലയില്ലാത്തതൊട്ടേറെ വിലയുള്ളതെല്ലാർക്കും ചത്താലും വേണ്ടതത്രേ. - മണ്ണ്

105. ഒരമ്മ പെറ്റ മക്കളെല്ലാം തൊപ്പിക്കാർ - അടയ്ക്ക

106. ചില്ലിക്കൊമ്പിൽ ഗരുഡൻതൂക്കം. - വവ്വാൽ

107. എല്ലില്ല, തലയില്ല, കൈക്കൊന്നും പടമില്ല, ആരാന്റെ കാലോണ്ടേ ഞാൻ നടക്കൂ. - ഉടുപ്പ്

108. ഒരു കുപ്പിയിൽ രണ്ണെണ്ണ. - കോഴിമുട്ട

109. അമ്മ കറുത്ത് മകൾ വെളുത്ത് മകളുടെ മകളോ അതിസുന്ദരി. - വെള്ളില

110. ഒരു കുന്തത്തിന്മേൽ ആയിരം കുന്തം. - തേങ്ങോല

111. അകത്തു സ്വർണ്ണം പുറത്തുവെള്ളി - കോഴിമുട്ട

112. വായില്ല നാക്കുണ്ട്, നാക്കിന്മേൽ പല്ലുണ്ട് - ചിരവ

113. കാലുകൊണ്ട് വെള്ളംകുടിച്ച് തലകൊണ്ട് മുട്ടയിടും. - തേങ്ങ

114. അങ്ങോട്ടോടും ഇങ്ങോട്ടോടും, മേലേനിന്ന് സത്യം പറയും. - തുലാസ്

115. കാട്ടുപുല്ല് വീട്ടുസഭയിൽ. - പുൽപ്പായ

116. ചത്ത പോത്ത് കോലെടുത്താലോടും. - തോണി

117. അക്കരെ നിന്നകത്തേക്കു കാലുനീട്ടി - മത്തന്

118. അട്ടത്തുണ്ടൊരു കുട്ടിച്ചാത്തൻ അങ്ങോട്ടിങ്ങോട്ടോടുന്നു. - എലി

119. പൂട്ടില്ലാപ്പെട്ടി, പൂട്ടാതെടുക്കും പെട്ടി - ശവപ്പെട്ടി

120. ആയിരം തത്തയ്ക്ക് ഒരു കൊക്ക്. - വാഴക്കുല

121. അടുക്കള കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ. - അടുപ്പ്

122. സൂചി പോലെ ഇല വന്നു, മദ്ദളം പോലെ ഇല വിരിഞ്ഞു, ഞാനതിന്റെ കായ് തിന്നു, നീയതിന്റെ പേരു പറ. - വാഴ

123. കാലകത്തിയാൽ തല പിളരും. - കത്രിക

124. മുള്ളിനുള്ളിലെ സുന്ദരിക്കുട്ടി - റോസാപുഷ്പം
125. ആടിയോടിവരുന്ന വെമ്പാലമൂർഖന്റെ പേരു പറയാമോ? - തീവണ്ടി
126. ഉണ്ണാത്ത അമ്മയ്ക്കു് ഒരു മുട്ടൻവയറ്. - വയ്ക്കോൽതുറു
127. കത്തീട്ടും കത്തീട്ടും കെടാത്ത വിളക്ക്. - സൂര്യൻ
128. കാൽ കറുപ്പും മുക്കാൽ ചുവപ്പും. - കുന്നിക്കുരു
129. ഇരുമ്പുപെട്ടിയിൽ വെള്ളിക്കട്ടി. - മാങ്ങാക്കൊരട്ട (മാങ്ങാണ്ടി)
130. അകത്തിരുന്നു പുറത്തേക്കു തലനീട്ടി - ആമ
131. ഇരുട്ട് കണ്ടാൽ മറയും, വെളിച്ചം കണ്ടാൽ തുറക്കും. - കണ്ണ്
132. അരയുണ്ട് കാലുണ്ട് കാലിന്നടിയിൽ ഉടലില്ല - പാന്റ്
133. വെള്ളമതിലിനുള്ളിൽ ഒരു വെള്ളിവടി. - വാഴപ്പിണ്ടി
134. ആനയ്ക്കും നിലയില്ല, പാപ്പാനും നിലയില്ല, കുഞ്ഞിക്കണ്ണന് അരയോളം വെള്ളം. - തവള
135. അങ്ങേലെ മുത്തീം മുക്കിലിരിക്കും, ഇങ്ങേലെ മുത്തീം മുക്കിലിരിക്കും. - ചൂല് .
136. കാലേൽ പിടിച്ചാൽ തോളേൽ കേറും. - കുട
137. അഴിയെറിഞ്ഞ അമ്പലത്തിൽ കിളിയിരുന്നു കൂത്താടുന്നു. - നാവ്
138. ഉടുതുണിയില്ലാത്തോൻ കുട ചൂടി നിൽക്കുന്നു. - തെങ്ങ്
139. ആ പോയി, ഈ പോയി, കാണാനില്ല. - മിന്നാമിനുങ്ങ്
140. എന്നെ തൊട്ടാൽ തൊടുന്നവനെ തട്ടും. - വൈദ്യുതി
141. അടയുടെ മുമ്പിൽ പെരുമ്പട - തേനീച്ചക്കൂട്
142. അമ്മ കിടക്കും, മകളോടും. - അമ്മിക്കല്ലും കുഴവിയും
143. വേലിപ്പൊത്തിലിരിക്കും രത്നം - മിന്നാമിനുങ്ങ്
144. തലയില്ലാക്കോഴി മല കയറി കൂകി. - തോക്ക്
145. കാള കിടക്കും കയറോടും. - മത്തൻ
146. കുളിക്കാൻ പോകുമ്പോൾ കുഴഞ്ഞുമറിഞ്ഞ്, കുളിച്ചു വരുമ്പോൾ ബലാബലൻ. - പപ്പടം
147. തോളിൽ തൂങ്ങുന്ന തല്ലുകൊള്ളി - ചെണ്ട
148. അടി മുടി നടുവിൽ കാട് തല പൂവ് - കൈതച്ചക്ക
149. അങ്ങുരുണ്ടു ഇങ്ങുരുണ്ടു അങ്ങാടിമുറ്റത്തൊന്നുരുണ്ടു. - കുരുമുളക്

150. ചോപ്പൻ കുളിച്ചാൽ കരിമ്പനാകും. - തീക്കട്ട

151. ഇട്ടാൽ പൊട്ടാത്ത കിങ്ങിണിമുട്ട. - കടുക്

152. അകത്തുചത്തു പുറത്തുനാറി - ചക്ക

153. അച്ഛനൊരു പട്ടുതന്നു, മുക്കീട്ടും മുക്കീട്ടും നനയുന്നില്ല. - ചേമ്പില, താമരയില

154. ആളെ കണ്ടാൽ നിലവിളിക്കും, കൈകാണിച്ചാലവിടെ നിൽക്കും - ബസ്സ്

155. കുഞ്ഞിക്കിണ്ണം തുള്ളിത്തുള്ളി. - അരി തിളയ്ക്കുക

156. ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ കുഞ്ഞിക്കിണ്ണം തുള്ളി തുള്ളി. - അരി തിളയ്ക്കുന്നത്.

157. പാടാനറിയാം പറയാനറിയാം, ചെയ്യാനൊന്നുമറിയില്ല. - റേഡിയോ

158. കരയില്ലാക്കടലിലെ കൊച്ചോടം തുഴയില്ലാതോടുന്ന കൊച്ചോടം. - ചന്ദ്രൻ

159. ആരാലും അടിക്കാത്ത മുറ്റം. - ആകാശം

160. ചത്തവന്റെ വയറ്റിൽ ചുട്ടവനെ കയറ്റി. - ചക്ക മുറിക്കുക

161. തൊട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട. - കുമിള

162. ചുവന്നിരിക്കുന്നവൻ കറുത്തുവരുമ്പോൾ വെള്ളത്തിൽമുക്കിയൊരടി. - സ്വർണ്ണം

163. അക്കരെക്കുന്നിൽ വിളക്കുകൊളുത്തി, ഇക്കരെക്കുന്നിൽ പപ്പടം കാച്ചി - സൂര്യോദയവും ചന്ദ്രോദയവും

164. ഇത്തിരിക്കുഞ്ഞനൊരൊറ്റക്കണ്ണൻ. - കുന്നിക്കുരു

165. അമ്മയ്ക്കതിസാരം, പിള്ളയ്ക്ക് തലകറക്കം. - തിരികല്ല്

166. നട്ടാൽ മുളക്കൂല, വേലീമ്മൽ പടരൂല, നാട്ടിലെല്ലാടത്തും കറി. - ഉപ്പ്

167. കണ്ടാൽ വേര്, തിന്നാൽ മധുരം - ഇരട്ടിമധുരം

168. അച്ഛൻ തന്നൊരു ചോറ്റുരുള, തിന്നിട്ടും തിന്നിട്ടും തീരണില്ല. - അമ്മിക്കുഴ

169. വെള്ളച്ചാരെ മാറ്റിയിരുത്തി, ചോപ്പന്മാരെ കേറ്റിയിരുത്തി.- ചാരം വാരി തീകൂട്ടി

170. നാലുപേരും കൂടി ഒരുവഴിക്ക് പോയി, മടങ്ങിവന്നപ്പോൾ ഒരാൾ. - മുറുക്കാൻ

171. ഇത്തിരി പൊന്നോണ്ടകം നിറച്ചു. - മിന്നാമിനുങ്ങ്

172. അക്കരെ നിൽക്കും കാളക്കുട്ടന് അറുപത്തിരണ്ട് മുടിക്കയറ്. - മത്തത്തണ്ട്.

173. പകൽ വെളുപ്പും, രാത്രി കറുപ്പും. - സൂര്യൻ

174. അമ്മ കല്ലിലും മുള്ളിലും, മകൾ കല്യാണപ്പന്തലിൽ. - തെങ്ങും തെങ്ങിൻപൂക്കുലയും

175. ഒരമ്മ പെറ്റ മക്കളെല്ലാം തുള്ളി തുള്ളി. - ആലില

176. കിഴക്കുന്ന് വരവ്, പടിഞ്ഞാട്ട് പോക്ക് - സൂര്യൻ

177. പെറ്റ മക്കളെല്ലാം തുള്ളി തുള്ളി. - ആലില

178. അമ്പാട്ടെ പട്ടിക്കു മുമ്പോട്ടു വാല്. - ചിരവ

179. കാലിന്മേൽ കണ്ണുള്ളോൻ വായിൽ പല്ലില്ലാത്തോൻ. - കത്രിക

180. കാട്ടിൽ കിടന്നവൻ കൂട്ടായി വന്നു. - കട്ടിൽ

181. സുന്ദരൻ കുളിച്ചപ്പോൾ ചൊറിക്കുട്ടനായി. - പപ്പടം

182. എല്ലാം തിന്നും എല്ലാം ദഹിക്കും, വെള്ളം തൊട്ടാൽ പത്തി താഴും - തീ

183. കോലിൽ തൂങ്ങും പൂമഴ വർഷം. - പൈപ്പുവെള്ളം

184. ആളൊരു കൂളൻ, വിളിയൊരുകാതം - കതിന

185. കണ്ടാലോ പൂത്തളിക, തളികയിലോ തീ. - സൂര്യൻ

186. കൊച്ചിയിൽ വിതച്ചത് കൊല്ലത്ത് കായ്ച്ചു. - വെള്ളരിക്ക

187. അടയ്ക്കും തുറക്കും കിങ്ങിണി പത്തായം - കണ്ണ്

188. ജീവനില്ല, കാവൽക്കാരൻ. - സാക്ഷ

189. ഊതിയാലണയില്ല, മഴയത്തുമണയില്ല, എണ്ണകൂടാതീ വിളക്കു കത്തും - ഇലക്ട്രിക് ബൾബ്

190. തെക്ക് നിന്ന് വന്ന കാളയ്ക്ക് പള്ളയ്ക്കൊരു കൊമ്പ്. - കിണ്ടി

191. അമ്മ കൊലുന്നനെ, മക്കൾ കുരുന്നനെ. - കവുങ്ങ്

192. മുള്ളുണ്ട് മുരിക്കല്ല, വാലുണ്ട് പശുവല്ല. - ചക്ക

193. കൂക്കിവിളിച്ചോടിവന്നു, ഒരുപാടിറക്കി, ഒരുപാടേറ്റി. - തീവണ്ടി

194. ഞാൻ തിന്നും വെള്ളാരങ്കല്ലിനെന്തു രസം. - കൽക്കണ്ടം

195. അച്ഛൻ മുള്ളൻ, അമ്മ മിനുമിനു, മോൾ മണിമണി. - ചക്ക
196. നിലം കീറി പൊന്നെടുത്തു. - മഞ്ഞൾ
197. കറിക്കു മുമ്പൻ ഇലക്കു പിമ്പൻ. - കറിവേപ്പില
198. കാലൊന്നേയുള്ളു യാത്രയേറെ നടത്തും - കുട
199. മുള്ളില്ലാത്ത പുറംകാട്ടിൽ എല്ലില്ലാത്ത ഒരെലിക്കുഞ്ഞ്. - പേൻ
200. തൊട്ടാൽ പിണങ്ങും ചങ്ങാതി - തൊട്ടാവാടി
201. കറുത്ത മതിലിന് നാല് കാല്. - ആന
202. ഇടവഴിയിലൂടെ ഒരു കരിവടിയോടി. - പാമ്പ്
203. ആർക്കും നിലയില്ല ആനയ്ക്കും നിലയില്ല ആമ്പാടിക്കൃഷ്ണനു് അരയററം വെള്ളം. - തവള
204. വില്ലാണ് പക്ഷേ ഞാണില്ല കെട്ടാൻ. - മഴവില്ല്
205. കിടന്നാൽ മീതെ, നടന്നാൽ തലയ്ക്ക് മുകളിൽ. - ആകാശം
206. തിരിതിരി തിരിതിരിയമ്മതിരി തിരിതിരി തിരിതിരി മോളുതിരി. - തിരികല്ല്
207. എന്നെ തൊട്ടാൽ തൊടുന്നവൻ നാറും. - ചന്ദനം
208. ആയിരം കുറിയരി അതിലൊരു നെടിയരി. - നക്ഷത്രങ്ങളും ചന്ദ്രനും
209. തോട്ടുവക്കത്തൊരമ്മൂമ്മ പട്ടിട്ടുമൂടി. - കൈതച്ചക്ക
210. പിടിച്ചാൽ ഒരു പിടി, അരിഞ്ഞാൽ ഒരു മുറം. - ചീര
211. കൈകൊണ്ട് വിതച്ചത് വാകൊണ്ട് കൊയ്തു. - എഴുതി വായിക്കുക
212. അകത്തിരിപ്പോനെ പുറത്തുകാട്ടും - കണ്ണാടി , മുഖം
213. ഒരു കുപ്പിക്ക് രണ്ട് കുഴി. - മൂക്ക്
214. പിടിച്ചാൽ പിടികിട്ടില്ല, വെട്ടിയാൽ വെട്ടേൽക്കില്ല. - വെള്ളം
215. ഒരാളെ ഏറ്റാൻ മൂന്നാള്. - അടുപ്പ്
216. ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര. - ചെരുപ്പ്
217. കൈയിൽ കയറി മെയ്യിലൊളിച്ചു. - ചോറ്റുരുള
218. പൂട്ടാനെളുപ്പം തുറക്കാനാവില്ല - തൊട്ടാവാടി
219. ഒരമ്മ എന്നും വെന്തും നീറും - അടുപ്പ്

220. നാലുകാലുള്ളൊരു നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ കട്ടുകൊണ്ടുപോയി. - പാമ്പ് തവളയെ പിടിക്കുന്നത്

221. കുത്തുന്ന കാളയ്ക്ക് കണ്ണ് പിന്നിൽ - സൂചി

222. ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി. - പേൻ

223. ഇലയില്ല പൂവില്ല കായില്ല കരിവള്ളി. - തലമുടി

224. മുള്ളുണ്ട് മുരിക്കല്ല, കയ്പുണ്ട് കാഞ്ഞിരമല്ല. - പാവയ്ക്ക

225. പച്ചക്കാട്ടിൽ തവിട്ടുകൊട്ടാരം, അതിനുള്ളിൽ വെള്ളക്കൊട്ടാരം, അതിനുള്ളിൽ കൊച്ചുതടാകം. - തേങ്ങളം കൊച്ചുതടാകം.

226. പാതാളം പോലെ വായ്, കോലുപോലെ നാവ്. - മണി

227. അമ്മയെകുത്തി മകൻ മരിച്ചു- തീപ്പെട്ടികോൽ

228. പച്ചക്കൊരു കെട്ട്, ചുട്ടാൽ ഒരു കുട്ട. - പപ്പടം

229. കിട്ടാൻ പ്രയാസം, കിട്ടിയാൽ തീരില്ല, കൊടുത്താൽ വർദ്ധിക്കും.- വിദ്യ

230. മുറ്റത്തുനിൽക്കും മണികണ്ഠനാനയ്ക്ക് മുപ്പത്തിമൂന്നു് മുറിത്തുടൽ. - വാഴക്കുല

231. തേങ്ങാപ്പൂളൊരു തേങ്ങാമുറിയായ് - ചന്ദ്രൻ

232. ചെറുതിരിയൊന്നിൽ ചെറുമണി കുരുമണി. - കുരുമുളക്

233. അക്കരെ നിൽക്കും തുഞ്ചാണി, ഇക്കരെ നിൽക്കും തുഞ്ചാണി, കൂട്ടി മുട്ടും തുഞ്ചാണി. - കൺപീലി

234. ചുരുട്ടീട്ടും ചുരുട്ടീട്ടും തീരാത്ത പായ. - റോഡ്

235. വാലില്ലാത്തമ്മയ്ക്ക് വാലുള്ള മക്കൾ. - തവള

236. തല വെന്താലും തടി വേവില്ല. - കൽചുമരുള്ള വീട്

237. ഇപ്പൊക്കുത്തിയ പുത്തൻ കിണറിൽ പത്തഞ്ഞൂറ് കളപ്പരല്. - അരി തിളയ്ക്കുന്നത്

238. കിറുകിറുപ്പ് കേട്ടു ചക്കിൻ ചോട്ടിൽ ചെന്നാൽ പിള്ളർക്കു തിന്മാൻ പിണ്ണാക്കില്ല. - ഇല്ലി

239. അതെടുത്തിതിലേക്കിട്ടു ഇതെടുത്തതിലേക്കിട്ടു. - പായ നെയ്ത്ത്

240. ഇത്തിരി പോന്നോൻ ചന്തയ്ക്ക് പോയി - കൂർക്ക

241. ചുള്ളിക്കൊമ്പിൽ മഞ്ഞക്കിളി. - പറങ്കിമാങ്ങ

242. ആരും കാണാതെ വരും, ആരും കാണാതെ പോകും. - കാറ്റ്

243. അങ്ങേ വീട്ടിലെ മുത്തശ്ശിയമ്മക്കിങ്ങേ വീട്ടിലെ മുറ്റമടി. - മുളംപട്ടിൽ

244. മുക്കണ്ണൻ ചന്തയ്ക്ക് പോയി - തേങ്ങ

245. അനുജത്തി ചോന്നിട്ട്, ഏട്ടത്തി പച്ചച്ച്, മൂത്താച്ചി മഞ്ഞച്ച്. - ഇല

246. ആളൊരു കൂരൻ, നിലവിളിപാരം - ശംഖ്

247. മണ്ണിനടിയിൽ പൊന്നമ്മ - മഞ്ഞൾ

248. ഞാൻ പെറ്റകാലം മീൻ പെറ്റപോലെ വാലറ്റകാലം ഞാൻ പെറ്റകാലം. - തവള

249. ആരും തൊടാത്തൊരു ഇറച്ചിക്കഷണം. - തീക്കട്ട

250. അമ്മയെ തൊട്ട മകൻ വെന്തുമരിച്ചു. - തീപ്പെട്ടിക്കൊള്ളി

251. വട്ടത്തിൽ ചവിട്ടിയിൽ നീളത്തിലോടും - സൈക്കിൾ

252. ഇരിക്കാം, കിടക്കാം, ഓടാം, പറക്കാനൊക്കില്ല. - കസേര

253. വലവീശും ഞാൻ മുക്കുവനല്ല, നൂല് നൂൽക്കും ഞാൻ വിൽക്കാറില്ല. - ചിലന്തി

254. അകത്തുനിന്നു നോക്കിക്കാണും, കണ്ടതൊക്കെയുള്ളിലാക്കും - ക്യാമറ

255. ആയിരം വള്ളി, അരുമവള്ളി അമ്മയ്ക്കതിനോടേറെയിഷ്ടം - തലമുടി

256. ആനയെ കാണാൻ വെളിച്ചമുണ്ട്, ബീഡി കത്തിക്കാൻ തീയില്ല. - ടോർച്ച്

257. ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ ആയിരം കാക്ക വയ്യേ വയ്യേ. - തലമുടി

258. കണ്ടാലറിയില്ല, കൊണ്ടാലറിയും. - കാറ്റ്

259. അട്ടത്തുണ്ടൊരു കൊട്ടത്തേങ്ങ തച്ച് പൊളിക്കാൻ കത്തിയാളില്ല. - അമ്പിളിമാമൻ

260. ആകാശം മുട്ടെ വളരും മരം, കാക്കക്കിരിക്കാൻ പറ്റൂല. - പുക

261. കാടുവെട്ടി, ഓടുവെട്ടി, വെള്ളവെട്ടി, വെള്ളം കണ്ടു. - തേങ്ങ

262. ആകാശത്തിലൂടേ തേരോടുന്നു. തേരാളി ഭൂമിയിൽ നിൽക്കുന്നു. - പട്ടം പറത്തൽ

263. നോക്കിയാൽ കാണാം, കാണുന്നതൊക്കെ പിടിക്കാം. - ഛായാഗ്രാഹി (ക്യാമറ)

264. ഉദിച്ചുവരുന്ന ഭഗവാനെ പിടിച്ചു രണ്ടടി. - സ്വർണ്ണം ഉരുക്കി അടിക്കൽ

265. ഇത്തിരി പോന്ന വായ, പറ പോലെ വയറ്. - കുടം

266. കൂട് തുറന്നാൽ ലോകം മുഴുവൻ. - പഞ്ഞിക്കായ പൊട്ടുന്നത്

267. അവിടെ കണ്ടു, ഇവിടെ കണ്ടു, പിന്നെ കണ്ടില്ല. - മിന്നൽ അഥവാ കൊള്ളിയാൻ.

268. കൂട്ടിത്തിന്നാൻ ഒന്നാന്തരം, ഒറ്റയ്ക്കായാൽ ആർക്കും വേണ്ട. - ഉപ്പ്

269. അകം എല്ലും തോലും പുറം പൊന്ത പൊന്തം. - വൈക്കോൽത്തുറു

270. കുത്തിയിട്ടാൽ മുളയ്ക്കില്ല, വേലിയിൽ പടരില്ല. - ഉപ്പ്

271. കൊച്ചുകൊച്ചച്ചിങ്ങ, കുലനിറച്ചച്ചിങ്ങ, വയ്പാൻ കൊള്ളാം, തിന്മാൻകൊള്ളുകയില്ല . - കഴുത്തില

272. അകത്ത് രോമം, പുറത്തിറച്ചി. - മൂക്ക്

273. അമ്മ കിടക്കയിൽ, മകൾ നൃത്തശാലയിൽ. - അമ്മിക്കല്ലും കുഴവിയും

274. അണിഞ്ഞാൽ എടുക്കാനാവാത വെള്ളി താലി : കോലം

275. അകന്നു നിന്നു നോക്കിക്കാണും, കണ്ടതെല്ലാം ഉള്ളിലാക്കും. - ഛായാഗ്രാഹി (ക്യാമറ)

276. ചത്താലേ മിണ്ടുള്ളൂ ചങ്കൂച്ചാര്. - ശംഖ്

277. തിത്തെയ് എന്നൊരു കൊയ്ത്തരിവാൾ. - ചന്ദ്രക്കല

278. എത്തിയാലുമെത്തിയാലുമെത്താത്ത മരത്തിൽ വാടി വീഴാത്ത പൂക്കൾ. - നക്ഷത്രങ്ങൾ

279. മകൻ അറയ്ക്കകത്ത്, അമ്മ പുരയ്ക്ക് പുറത്ത് - നെല്ലും വൈക്കോലും

280. വരുമ്പോൾ ചുവന്നിട്ട്, പോകുമ്പോൾ കറുത്തിട്ട് - മൺകലം

281. നാലുപേരുകൂടി ഒന്നായി. - മുറുക്കുക

282. കൊക്കിരിക്കും കുളം വറ്റി വറ്റി. - നിലവിളക്ക്

283. രണ്ടു കാലുണ്ട്, മൂക്കില്ലെങ്കിൽ നിൽക്കാൻ പറ്റില്ല. - കണ്ണട

284. ഇത്തിരിക്കുഞ്ഞൻ കുഞ്ഞിനെ കരയിപ്പിച്ചു. - ചീനമുളക്

285. പുറം പരപരാ, അകം മിനുമിനാ - ചക്ക

286. വെള്ളിക്കിണ്ണത്തിൽ ഞാവൽപ്പഴം. - കണ്ണ്

287. കിഴക്കേപ്പുറത്തു വാഴവെച്ചു, പടിഞ്ഞാപ്പുറത്തു കുലവെട്ടി. - സൂര്യൻ

288. പ്രതിഷ്ഠയുണ്ട്, പ്രദക്ഷിണമുണ്ട്, നേദ്യവും ധാരയുമുണ്ട്, പക്ഷേ പൂജയില്ല. - ചക്ക്